**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 654** **11-06-2024 - ൽ മറുപടിയ്ക്ക്**

**വ്യാവസായിക മേഖലയുടെ നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. കെ. ശൈലജ ടീച്ചർ ,<br>ശ്രീ. എച്ച്. സലാം,<br>ശ്രീ. പി. ടി. എ. റഹീം,<br>ശ്രീ. പി.പി. സുമോദ് | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | വ്യാവസായിക മേഖലയെ നവീകരിക്കുന്നതിനും വൈവിധ്യവൽക്കരിക്കുന്നതിനും അതിലൂടെ വ്യവസായ സൗഹൃദാന്തരീക്ഷം കെട്ടിപ്പടുക്കുന്നതിനുമായി നടത്തുന്ന പ്രവർത്തനങ്ങളുടെ ഫലമായി സംസ്ഥാനത്തിന് വ്യാവസായിക വളർച്ച നേടുവാൻ കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ഉണ്ട്. വ്യാവസായിക മേഖലയെ നവീകരിക്കുന്നതിനും വൈവിധ്യവൽക്കരിക്കുന്നതിനും അതിലൂടെ വ്യവസായ സൗഹൃദ അന്തരീക്ഷം കെട്ടിപ്പടുക്കുന്നതിനുമായി പലവിധ പ്രവർത്തനങ്ങൾ സർക്കാർ നടത്തിവരുന്നുണ്ട്. കേരളത്തിന്റെ സാമ്പത്തിക വളർച്ച സൂക്ഷ്മ-ചെറുകിട- ഇടത്തരം സംരംഭങ്ങളുടെ വികസനവുമായി ബന്ധപ്പെട്ടതാണ്. ഈ മേഖലയിൽ ഉൽപാദനവും തൊഴിലും വർദ്ധിപ്പിക്കുന്നതിനുള്ള വിവിധ പദ്ധതികൾ വ്യവസായ വകുപ്പ് മുഖേന ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നു. എം.എസ്.എം.ഇ എക്സ്പോർട്ട് പ്രൊമോഷൻ കൗൺസിൽ നടത്തിയ "സ്റ്റഡി ഓൺ ഇൻവെസ്റ്റ്മെന്റ്, ഗ്രോത് ആൻഡ് ഡെവലപ്മെന്റ്" എന്ന പഠന റിപ്പോർട്ട് പ്രകാരം കഴിഞ്ഞ അഞ്ചു വർഷത്തെ കാലയളവിനുള്ളിൽ സംസ്ഥാനം 91,575 കോടി രൂപയുടെ നിക്ഷേപം ആകർഷിച്ചതായും, 2018-19 മുതൽ 2022-23 വരെയുള്ള കാലയളവിൽ 33,815 കോടി രൂപയുടെ നിക്ഷേപ പദ്ധതികൾ പൂർത്തികരിക്കുകയും ചെയ്തിട്ടുണ്ട്.<br><br>സർക്കാർ പദ്ധതികൾ വഴിയുള്ള സാമ്പത്തിക സഹായങ്ങൾ നൽകുന്നതിലുപരി സംരംഭകർക്ക് ആവശ്യമായ വിവിധ സേവനങ്ങളും, ഉപദേശങ്ങളും നൽകുന്ന ഒരു ഫെസിലിറ്റേറ്റർ എന്ന നിലയിലും വകുപ്പിന്റെ പ്രവർത്തനം മാറിക്കൊണ്ടിരിക്കുന്നു. സംരംഭകർക്ക് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി നൽകിയും, വ്യവസായം തുടങ്ങാൻ ആവശ്യമായ അനുമതികൾ സമയബന്ധിതമായി നൽകുകയും വഴി കേരളത്തെ മികച്ച നിക്ഷേപ സൗഹൃദ സംസ്ഥാനമാക്കി മാറ്റിക്കൊണ്ടിരിക്കുന്നു. ഇത്തരം പ്രവർത്തനങ്ങളുടെ ഭാഗമായി ഈസ് ഓഫ് ഡൂയിങ്ങ് ബിസിനസ് റാങ്കിങ്ങിൽ 28 ആം സ്ഥാനത്തു നിന്നും |

| | | | |
|---|---|---|---|
| | | | 15 ആം സ്ഥാനത്തേക്ക് റാങ്ക് മെച്ചപ്പെടുത്താൻ സംസ്ഥാനത്തിന് സാധിച്ചിട്ടുണ്ട്. |
| (ബി) | ഈ സർക്കാരിന്റെ കാലയളവിൽ സംസ്ഥാനത്തേക്ക് എത്ര നിക്ഷേപം ആകർഷിക്കുവാൻ സാധിച്ചു; ഇതിൽ എത്രത്തോളം പദ്ധതികൾ പൂർത്തീകരിച്ചു; വിശദാംശം ലഭ്യമാക്കുമോ; | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം നാളിത് വരെയുള്ള കണക്കുകൾ പ്രകാരം സൂക്ഷ്മ ചെറുകിട ഇടത്തരം മേഖലയിൽ 2,63,886 സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഇത് വഴി 17,355 കോടി രൂപയുടെ നിക്ഷേപവും 5,83,909 പുതിയ തൊഴിലവസരങ്ങളും സൃഷ്ടിക്കപ്പെട്ടു.<br><br>സംസ്ഥാനത്തേക്ക് സംരംഭകരെ ആകർഷിക്കുന്നതിനായി കെ.എസ്.ഐ.ഡി.സി മുഖേന നടത്തിവരുന്ന മീറ്റ് ദി ഇൻവെസ്റ്റർ പരിപാടിയുടെ ഭാഗമായി നാളിതുവരെ 40ൽ അധികം വ്യവസായികളുമായി യോഗങ്ങൾ നടത്തിയിട്ടുണ്ട്. കൂടാതെ വൺ റ്റു വൺ ഇൻവെസ്റ്റർ പിച്ച് പരിപാടിയുടെ ഭാഗമായി നാളിതുവരെ 60ൽ അധികം യോഗങ്ങൾ നടത്തി. അതിന്റെ ഫലമായി ആർ.സി.സി. ന്യൂട്രാ ഫില്ല്സ് (ഭാരത് ബയോടെക്), ആസ്കോ ഗ്ലോബൽ, അവിഘ്ന, ബിൽടെക്, നെസ്റ്റോ ഗ്രൂപ്പ് തുടങ്ങി ഒട്ടനവധി സംരംഭങ്ങൾ സംസ്ഥാനത്ത് പ്രവർത്തനം ആരംഭിക്കുകയും മറ്റ് സംരംഭങ്ങൾ വിവിധ ഘട്ടങ്ങളിലായി നിർമ്മാണ പ്രവർത്തനങ്ങളിലോ / പ്രാരംഭ നടപടികളുമായി മുന്നോട്ട് പോകുകയാണ്. കൂടാതെ അന്താരാഷ്ട്ര തലത്തിൽ പ്രമുഖരായ ഡി-സ്പേസ്, കോങ്സ് ബെർഗ്, ഐ.ബി.എം., സഫ്രാൻ, തുടങ്ങിയ സ്ഥാപനങ്ങൾ അവരുടെ ഓഫീസ് കേരളത്തിൽ സ്ഥാപിക്കുകയും പ്രവർത്തനങ്ങൾ പുരോഗമിക്കുകയുമാണ്. |
| (സി) | വ്യവസായ സൗഹൃദാന്തരീക്ഷത്തിന്റെ പശ്ചാത്തലത്തിൽ സംസ്ഥാനത്തേക്ക് ആഭ്യന്തര കുടിയേറ്റം ശക്തമാകുമെന്ന് ഏതെങ്കിലും പഠനങ്ങൾ സ്ഥിരീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ? | (സി) | അത്തരത്തിലുള്ള പഠനങ്ങൾ നടന്നതായി ശ്രദ്ധയിൽപെട്ടിട്ടില്ല |

സെക്ഷൻ ഓഫീസർ